പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4599

20-10-2011-ൽ മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷിങ്ങ് ഹാർബർ തുടങ്ങാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ തുടങ്ങാൻ ആവശ്യമായ സാദ്ധ്യതാപഠനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ; | എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി - മാടായിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കാനാവശ്യമായ അന്വേഷണ പഠനങ്ങൾ, അതായത് (1) കടലിലെ ആഴമളക്കൽ (**sounding**) (2) **കടലിലെ ഒഴുക്ക് നിർണ്ണയം (Float observation) (3) സർവ്വേ പോയിന്റുകൾ സ്ഥാപിക്കൽ (4) മത്സ്യബന്ധന യാനങ്ങളെക്കുറിച്ചും കരയ്ക്കടുപ്പിക്കുന്ന മത്സ്യത്തിന്റെ അളവിനെക്കുറിച്ചും ഉള്ള** വിവര **ശേഖരണം എന്നിവ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കാനാവശ്യമായ മറ്റു പഠനങ്ങളായ** (1) **വേലിയേറ്റം-വേലിയിറക്കം മുതലായവയുടെ നിരീക്ഷണം** (2) **കടലിലെ തിരമാലകളുടെ ദിശ, ആവൃത്തി മുതലായ കാര്യങ്ങൾ** (3) **സമ്പൂർണ്ണമായ ബാത്തിമെട്രി, ടോപ്പോഗ്രാഫിക് സർവ്വെ മുതലായവ ഇനിയും ചെയ്യുവാനുണ്ട്. മേൽ പഠനങ്ങൾ പൂർത്തിയാക്കി ഇതിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് ഹാർബർ എൻജിനീയറിംഗ് വകുപ്പാണ്.** |
| ബി) പ്രസ്തുത ഹാർബർ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ബി) അന്വേഷണഗവേഷണ പഠനങ്ങൾ പൂർത്തിയാക്കി അവയെ അടിസ്ഥാനമാക്കിയുള്ള മാതൃകാ പഠനം, പരിസ്ഥിതി പഠനം ഇവയെല്ലാം പൂർത്തിയാക്കിയശേഷം വിശദമായ പദ്ധതി രൂപരേഖ ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് കേന്ദ്ര, സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഹാർബർ നിർമ്മാണം ആരംഭിക്കുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |